പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 840

12/12/2012-ൽ
മറുപടിയ്ക്ക്

**ശബരിമലയിൽ പ്രസാദ നിർമ്മാണം**

ചോദ്യം
ശ്രീ. കെ.വി. വിജയദാസ്

ഉത്തരം
ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പു മന്ത്രി.

| | |
|---|---|
| എ) ശബരിമലയിൽ പ്രസാദ നിർമ്മാണം ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ മേൽനോട്ടത്തിലാണോ എന്ന് വ്യക്തമാക്കുമോ; | എ) അതെ |
| ബി) കരാറുകാർ വൃത്തിഹീനമായ സാഹചര്യത്തിലാണ് പ്രസാദങ്ങൾ ഉണ്ടാക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | ബി) ശബരിമല സന്നിധാനത്തെ പരിമിതികൾക്കുള്ളിൽ ഒതുങ്ങി നിന്നുകൊണ്ട് പരമാവധി വൃത്തിയുള്ള അന്തരീക്ഷം നിലനിർത്തിയാണ് പ്രസാദങ്ങൾ നിർമ്മിക്കുന്നത് |
| സി) പൂപ്പൽ പിടിച്ച അപ്പം സംബന്ധിച്ച വിവാദത്തിൽ ക്ഷേത്രത്തിലെ വരുമാനത്തിൽ കുറവ് വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | സി) ഇല്ല. തീർത്ഥാടനത്തിന്റെ ആദ്യ ദിവസങ്ങളിൽ ഭക്തജനത്തിരക്കിൽ കുറവുണ്ടായതു കാരണം വരുമാനത്തിൽ കുറവു വരുവാൻ കാരണമായിട്ടുണ്ട്. |
| ഡി) പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ? | ഡി) ആദ്യദിവസങ്ങളിൽ ഭക്തജനത്തിരക്കിൽ വന്ന കുറവു മൂലം കരുതൽ ശേഖരമായി കരുതിയിരുന്ന അപ്പത്തിൽ ഒരു ഭാഗം ഭക്ഷ്യയോഗ്യമല്ലായെന്നു കണ്ടതിനെ തുടർന്ന് ആയവ നശിപ്പിച്ചു. നിലവിൽ ഭക്ഷ്യ സുരക്ഷ വകുപ്പിന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് പൂർണ്ണമായും ഭക്ഷ്യയോഗ്യമായ നിലയിൽ ഉണ്ണിയപ്പം നിർമ്മിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ